**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കരാർ ജീവനക്കാരുടെ വേതന വർദ്ധനവ് കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം:995/2012/തസ്വഭവ തിരുവനന്തപുരം,തീയതി, 30/03/2012

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം :- 1. സ.ഉ.(സാധാ) നമ്പർ 2922/2011/തസ്വഭവ,തീയതി, 09/12/2011
2. എൻ.ആർ.ഇ.ജി.എസ്. സ്റ്റാഫ് അസോസിയേഷന്റെയും കരാർ ജീവനക്കാരുടെയും നിവേദനം
3. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 18.02.2012, 17.3.2012 തീയതികളിലെ 16790/EGS-4/11/CRD നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തു വന്നിരുന്ന ഐടി. പ്രൊഫഷണൽ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ വിഭാഗം ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന വേതനം 2011 ഡിസംബർ 1 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാനത്ത് താല്കാലിക ജീവനക്കാരുടെയും വിദ്യാഭ്യാസ വകുപ്പിലെ ഗസ്റ്റ് അദ്ധ്യാപകരുടെയും വേതനം വർദ്ധിപ്പിച്ച് കൊണ്ടുള്ള ഉത്തരവുകളിൽ വേതന വർദ്ധനവിന് ഏപ്രിൽ 1 മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക സഹിതമാണ് അനുവദിച്ചതെന്നും ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാർക്കും വേതന വർദ്ധനവിന് 01.04.2011 മുതൽ മുൻകാല പ്രാബല്യം നൽകി കുടിശ്ശിക ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരമുള്ള ജീവനക്കാരുടെ ആവശ്യത്തിൻമേൽ എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ അഭിപ്രായം ആരായുകയുണ്ടായി. 01.04.2011 മുതൽ വേതന വർദ്ധനവിന് പ്രാബല്യം നൽകി കുടിശ്ശിക ലഭ്യമാക്കിയാൽ ഭരണചെലവ് 6% നുള്ളിൽ നിലനിർത്താൻ സാധിക്കില്ലെന്നും അതിനാൽ ഭരണചെലവ് 6% ൽ അധികരിക്കാത്ത രീതിയിൽ കുടിശ്ശിക ലഭ്യമാക്കുന്നതിന് രണ്ട് നിർദ്ദേശങ്ങൾ പരാമർശം 3 പ്രകാരം മിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

1. 2011 ജൂൺ മുതൽ വേതന വർദ്ധനവിന് പ്രാബല്യം നൽകി ജീവനക്കാരുടെ കുടിശ്ശിക 6 മാസമായി പരിമിതപ്പെടുത്തുക.
2. ജീവനക്കാരുടെ സേവന മികവിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകുക.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജീവനക്കാരുടെ വേതനം 6% ഭരണ ചെലവിൽ നിന്നും നൽകുന്നതിനാലും ഈ ഇനത്തിലുള്ള ചെലവ് 6% ൽ അധികരിക്കരുതെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടേണ്ടതുള്ളതിനാലും പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതന വർദ്ധനവിന് 2011 ജൂൺ മുതൽ മുൻകാലപ്രാബല്യം നൽകി (6 മാസം) കുടിശ്ശിക ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ
4. എല്ലാ ജില്ലാ കളക്ടർമാർ/ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
5. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും(മിഷൻ ഡയറക്ടർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. ഡയറക്ടർ, ഐ.കെ.എം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം
10. അക്കൗണ്ട് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
11. ഡയറക്ടർ, എസ്. ഐ. ആർ. ഡി, കൊട്ടാരക്കര
12. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
13. കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ